• വിശകലനം •

എ അബ്ദുൽഹമീദ് മദീനി
കെ പി സകരിയ്യ

# നബിയുടെ അറഫ

## ന്യൂമൂൺ കലണ്ടർ വാദത്തിന്റെ മുനയൊടിക്കുന്നു

**നബി(സ)യുടെ അറഫാദിനം ദുൽഹിജ്ജ 9 വെള്ളിയാഴ്ചയാണെന്ന വസ്തുത ഖണ്ഡിതമായ നിലക്ക് ഞങ്ങൾ തെളിയിച്ചുകഴിഞ്ഞിട്ടുണ്ട്. എന്നാൽ ഇതിനെതിരിൽ അത് വ്യാഴാഴ്ച ആണെന്ന് പറയുന്ന വല്ല റിപ്പോർട്ടും ഉണ്ടെങ്കിൽ ഉദ്ധരിക്കുക. അതിന് സാധ്യമാകാത്ത കാലത്തോളം ന്യൂമൂൺ കലണ്ടർ വാദത്തിന്റെ നട്ടെല്ലൊടിഞ്ഞു തന്നെ നിൽക്കും. നബി(സ)യുടെ അറഫ തെറ്റിയെന്ന ഗുരുതരമായ അബദ്ധ വാദത്തിൽ നിന്ന് പിന്മാറി വിഷയങ്ങൾ ശാന്തമായി പഠിക്കാൻ തയ്യാറാവുക.**

ന്യൂമൂൺ കലണ്ടർ: വാദം തകരുന്നു’ എന്ന തലവാചകത്തിൽ ഞങ്ങൾ എഴുതിയ ലേഖനത്തിന് *ശബാബിൽ* (ലക്കം 17) ഹിജ്റ കമ്മിറ്റി ജന. സെക്രട്ടറി ടി അബ്ദുശ്ശുക്കൂർ എഴുതിയ പ്രതികരണം വായിച്ചു. നെറ്റിലും മറ്റുമായി വേറെ ചില പ്രതികരണങ്ങളും കാണുകയുണ്ടായി. അവയിലെല്ലാമുള്ള പ്രകോപനശൈലി ലേഖനം അതിന്റെ കുറിക്കു തന്നെ കൊണ്ടെന്ന് വ്യക്തമാക്കുന്നതാണ്.

ഞങ്ങൾ എഴുതിയ ലേഖനത്തിൽ, ഈ വിഷയത്തിൽ ഹിജ്റ കമ്മിറ്റിക്കാരും ഇതര മുസ്‌ലിംകളും തമ്മിൽ വിയോജിക്കുന്ന മർമ പ്രധാനമായ ഒരു പോയിന്റിനെയാണ് പരാമർശിച്ചിട്ടുള്ളത്. എന്നാൽ അതിന് പ്രതികരണമായി കുറിച്ച ലേഖനങ്ങളിൽ, ഉന്നയിക്കപ്പെട്ട വിഷയത്തിന്റെ മർമത്തെ ഖണ്ഡിക്കാവുന്ന യാതൊന്നും ഉദ്ധരിക്കാൻ സാധിച്ചിട്ടില്ലെന്ന കാര്യം പ്രത്യാഖ്യാനങ്ങൾ ഒരാവർത്തി വായിക്കുന്ന ഏതൊരാൾക്കും വ്യക്തമാകുന്നതാണ്. പ്രതികരണങ്ങൾ വിലയിരുത്തുന്നതിന് ഞങ്ങൾ ഉന്നയിച്ച പോയിന്റുകളുടെ സംക്ഷേപം നല്കുന്നത് സഹായകമായിരിക്കും.

1). ചാന്ദ്രമാസത്തിന്റെ സ്റ്റാർട്ടിംഗ് പോയിന്റിന്റെ അടിസ്ഥാനമായി നബി(സ) സ്വീകരിച്ചത് ആസ്ട്രോണമിക്കൽ ന്യൂമൂണിനെയാണോ (കറുത്തവാവ്) അതോ ക്രെസന്റ് ന്യൂമൂണിനെയാണോ(ഹിലാൽ)? ഇതാണ് ഞങ്ങൾ ഉന്നയിച്ച വിഷയ മർമം.

2). ആസ്ട്രോണമിക്കൽ ന്യൂമൂൺ (കറുത്തവാവ്) സംഭവിക്കുന്ന ദിവസം മാസത്തിന്റെ അവസാനദിവസവും അടുത്ത ദിവസം പുതിയ മാസത്തിന്റെ ഒന്നാം തിയ്യതിയുമാണ് എന്നതാണ് ഹിജ്റ കമ്മറ്റിയുടെ തത്വം. ഈ കാര്യം അവരുടെ കലണ്ടറിനെ ഉദ്ധരിച്ചുകൊണ്ട് വ്യക്തമാക്കി.

3). ഈ തത്വം മുൻനിർത്തിക്കൊണ്ട്, നബി അറഫയിൽ നിന്ന ദിവസം വ്യാഴാഴ്ചയാണെന്ന് വരുമെന്നും എന്നാൽ നബി അറഫയിൽ നിന്ന ദിവസം ദുൽഹിജ്ജ 9 വെള്ളിയാഴ്ചയാണെന്നും വ്യക്തമാക്കി.

4). അതിന്നായി അലി മണിക്ഫാൻ തന്നെ തന്റെ പുസ്തകത്തിൽ ദുൽഹിജ്ജ 9 വെള്ളിയാഴ്ചയാണെന്ന് എഴുതിവെച്ചത് ഉദ്ധരിച്ചു. രണ്ടാമതായി അതിന് ഉമറിൽ(റ) നിന്ന് ബുഖാരി ഉദ്ധരിച്ച ഏറ്റവും പ്രാമാണികമായ ഹദീസ് ഉദ്ധരിച്ചു. മൂന്നാമതായി ഇബ്നുക

CMYK

സീർ തന്റെ *അൽബിദായ വന്നി ഹായ* എന്ന പ്രശസ്ത ചരിത്രഗ്രന്ഥത്തിൽ മുസ്‌ലിം പണ്ഡിതന്മാർക്ക് ആ കാര്യത്തിൽ ഭിന്നാഭിപ്രായമില്ലെന്ന് രേഖപ്പെടുത്തിയ കാര്യം വ്യക്തമാക്കി. ഇവയാണ് ഞങ്ങൾ ഉന്നയിച്ച വസ്തുതകൾ.

### ആരോപണങ്ങൾ, അബദ്ധങ്ങൾ

ഇതിന് പ്രതികരണമായി ടി അബ്ദുശ്ശുക്കൂർ രേഖപ്പെടുത്തിയ കാര്യങ്ങളിൽ അവകാശവാദങ്ങളും ആരോപണങ്ങളും പരമാബദ്ധങ്ങളും അടങ്ങുന്നുണ്ട്. ഒരു വിശകലനം എന്ന നിലയ്ക്ക് ആദ്യം ലേഖനവിഷയത്തിന്റെ മർമത്തിൽ നിന്ന് തെറ്റിക്കാൻ വേണ്ടി ഉന്നയിച്ചിട്ടുള്ള കാര്യങ്ങളെ സാമാന്യമായി പരാമർശിച്ചതിന് ശേഷം ലേഖനത്തിന്റെ മുഖ്യവിഷയങ്ങളെ അപഗ്രഥിക്കാം.

പ്രഥമ ഖണ്ഡികയിൽ അദ്ദേഹം എഴുതി: "മുസ്‌ലിം പണ്ഡിതലോകം ജിബ്‌രീലിന്റെ(അ) മുന്നറിയിപ്പിനെ അവഗണിച്ചപ്പോൾ ആകാശഗോളങ്ങളുടെ സൃഷ്ടിപ്പിനെക്കുറിച്ച് പഠിക്കുകയും ഇതൊന്നും നീ വെറുതെ സൃഷ്ടിച്ചതല്ല എന്ന് സാക്ഷ്യപ്പെടുത്തുകയും ചെയ്ത മുസ്‌ലിംലോകത്ത് ജീവിക്കുന്ന ഒരേയൊരു വ്യക്തി എം അലിമണിക്ഫാൻ ആണ്." ഈ പരാമർശം അന്ധമായ അനുരാഗാത്മകഭ്രമത്തിൽ നിന്നുണ്ടായ അവകാശവാദം മാത്രമാണ്. യു എ ഇ ഭരണാധികാരി അശ്ശൈഖ് മൻസൂർ ബിൻ സായിദ് അന്നഹ്‌യാന്റെ ആതിഥേയത്വത്തിൽ എമിറേറ്റ്സ് ആസ്ട്രോണമിക്കൽ സൊസൈറ്റിയുടെ കീഴിൽ സംഘടിപ്പിച്ച ഗോളശാസ്ത്ര സമ്മേളനത്തിൽ അമേരിക്ക, ബ്രിട്ടൻ, ഹോളണ്ട്, ജർമനി, സുഊദി അറേബ്യ, ഈജിപ്ത്, മലേഷ്യ, മൊറോക്കോ എന്നീ രാജ്യങ്ങളുൾപ്പെടെ ഇരുപത്തിയാറ് രാജ്യങ്ങളിൽ നിന്നുള്ള നൂറോളം പ്രഗത്ഭരായ മുസ്‌ലിം ശാസ്ത്രജ്ഞരും പണ്ഡിതരും സംബന്ധിച്ചിരുന്നു. നമസ്കാര സമയനിർണയം, ചാന്ദ്രമാസ നിർണയം എന്നിവയടക്കം നിരവധി വിഷയങ്ങൾ ചർച്ചചെയ്യുകയും ചെയ്തിട്ടുണ്ട്. ഇദ്ദേഹത്തിന്റെ പേര് ഇവരുടെ കൂട്ടത്തിലൊന്നും കണ്ടില്ല. ശുക്കൂർ സാഹിബ് പരാമർശിച്ച ഒരേയൊരു വ്യക്തിയെന്ന അവകാശവാദ

**അൽബാനി ശരിവെച്ചതായി ഇബ്നുകസീർ തന്റെ തഫ്സീറിൽ രേഖപ്പെടുത്തിയിരിക്കുന്നു എന്ന് പറയുമ്പോൾ അൽബാനിക്കു ശേഷം ജീവിച്ചയാളാകണം ഇബ്നുകസീർ. എന്നാൽ ഇബ്നുകസീർ ഹി. 774ൽ മരണപ്പെട്ടയാളാണ്. അൽബാനി ഹി. 1332 ൽ ജനിക്കുകയും 1420ൽ മരിക്കുകയും ചെയ്ത ആധുനിക ഹദീസ് പണ്ഡിതനാണ്.**

ത്തിന്റെ അർഥശൂന്യതയെ സംബന്ധിച്ച് ഇതിലേറെയൊന്നും പറയേണ്ടതില്ലല്ലോ.

തുടർന്നു ലേഖകൻ ആരോപിക്കുന്നത് 'അലി മണിക്ഫാന്റെയും ഹിജ്റ കമ്മിറ്റിയുടെയും പ്രതിച്ഛായ തകർക്കാൻ ശ്രമിക്കുന്നുവെന്നാണ്. ഞങ്ങൾ എഴുതിയ ലേഖനത്തിൽ ആശയപ്രധാനമായ ചർച്ചയാണ് ഉന്നയിച്ചിട്ടുള്ളതെന്ന് ആ ലേഖനം വായിച്ചിട്ടുള്ള ഏതൊരാൾക്കും സുതരാം വ്യക്തമാണ്. അലി മണിക്ഫാൻ സാഹിബും ഹിജ്റ കമ്മറ്റിയും ഉന്നയിച്ചിട്ടുള്ള വാദങ്ങൾ ഖണ്ഡിതമായ പ്രമാണത്തിന്റെയും ശാസ്ത്ര വസ്തുതകളുടെയും വെളിച്ചത്തിൽ തകർന്നുവീഴുന്നത് മുഖേന നിങ്ങളുടെ പ്രതിച്ഛായക്ക് മങ്ങലേൽക്കുന്നുണ്ടെങ്കിൽ അതിൽ ഞങ്ങളെ കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല. നിങ്ങളുടെ തെറ്റായ വാദങ്ങൾ ഉപേക്ഷിക്കുകയെന്നത് മാത്രമാണ് പ്രതിച്ഛായ തിരിച്ചുകിട്ടാനുള്ള ഏക പോംവഴി.

ലേഖനത്തിൽ നിരവധി അബദ്ധ പരാമർശങ്ങൾ അടങ്ങുന്നുണ്ട്. സാമ്പിളിന് വേണ്ടി ഒന്ന് മാത്രം പരാമർശിക്കാം. അദ്ദേഹം എഴുതുന്നു: "ബലിപെരുന്നാൾ വെള്ളിയാഴ്ചയായിരുന്നു എന്ന ഇബ്നുഅബ്ബാസിന്റെ(റ) റിപ്പോർട്ട് ശൈഖ് നാസിറുദ്ദീൻ അൽബാനി ശരിവെച്ചതായി ഇബ്നുകസീർ(റ) തന്റെ തഫ്സീറിൽ രേഖപ്പെടുത്തിയിരിക്കുന്നു." ആഗോള കലണ്ടറിനെപ്പറ്റി വാതോരാതെ സംസാരിക്കുന്ന ഇവർക്ക് കാലഗണനയെപ്പറ്റിയുള്ള ധാരണ എത്രമാത്രമാണെന്ന് വ്യക്തമാക്കുന്ന ഒരു പരാമർശമാണിത്. അൽബാനി ശരിവെച്ചതായി ഇബ്നുകസീർ തന്റെ തഫ്സീറിൽ രേഖപ്പെടുത്തിയിരിക്കുന്നു എന്ന് പറയുമ്പോൾ അൽബാനിക്കു ശേഷം ജീവിച്ചയാളാകണം ഇബ്നുകസീർ. എന്നാൽ ഇബ്നുകസീർ ഹിജ്റാബ്ദം 700ൽ ജനിക്കുകയും 774ൽ മരിക്കുകയും ചെയ്ത പണ്ഡിതനാണ്. അൽബാനി ഹി. 1332 ൽ ജനിക്കുകയും 1420ൽ മരി





CMYK

ക്കുകയും ചെയ്ത ആധുനിക ഹദീസ് പണ്ഡിതനാണ്. അഥവാ ക്രിസ്താബ്ദം 1914 മുതൽ 1999 വരെയാണ് ഫൈസൽ അവാർഡ് ജേതാവ് കൂടിയായ അൽബാനിയുടെ കാലം. ഞങ്ങൾ അൽബാനിയുടെ പരാമർശം ഇബ്നുകസീർ തന്റെ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയതായി പറഞ്ഞ ഉദ്ധരണി എടുത്തുകാണിക്കാൻ വെല്ലുവിളിക്കുകയോ ഒരു കോടി ഇനാം പ്രഖ്യാപിക്കുകയോ ചെയ്യുന്നില്ല. വെല്ലുവിളിയും ഇനാം പ്രഖ്യാപനവുമെല്ലാം സ്വന്തം വാദത്തിന്റെ ബലഹീനത മൂടിവെക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണല്ലോ.

## ന്യൂമൂണോ ഹിലാലോ?

ഞങ്ങളുന്നയിച്ച ഒന്നാമത്തെ പോയന്റ് 'ചാന്ദ്രമാസത്തിന്റെ സ്റ്റാർട്ടിംഗ് പോയിന്റിന്റെ അടിസ്ഥാനമായി നബി(സ) സ്വീകരിച്ചത് ആസ്ട്രോണമിക്കൽ ന്യൂമൂണിനെയാണോ (കറുത്തവാവ്) അതോ ക്രെസന്റ് ന്യൂമൂണിനെയാണോ (ഹിലാൽ) എന്നതാണ്. ലോകത്തുള്ള ഒട്ടുമിക്ക രാജ്യങ്ങളും ജനങ്ങളും ആധാരമാക്കുന്നത് ഹിലാലിനെയാണെന്നും വ്യക്തമാക്കിയിരുന്നു. അതിന് മറുപടിയായി എഴുതിയത്, "പാക്കിസ്താൻ, ഇന്ത്യ, ബംഗ്ലാദേശ് എന്നീ രാജ്യങ്ങൾ മാത്രമേ ഹിലാൽ കണ്ടതിന് ശേഷം മാസം തുടങ്ങുന്നുള്ളൂ. മറ്റു രാജ്യങ്ങൾ എല്ലാം തന്നെ ഹിലാൽ കണ്ടു എന്ന ഒരു സാക്ഷ്യം സ്വീകരിച്ച് മാസം തുടങ്ങുകയാണ്. കേരളത്തിലും ഇതാണ് സ്ഥിതി. അമേരിക്കയും യൂറോപ്യൻ രാജ്യങ്ങളും കാണാനുള്ള പ്രായം ആയാൽ മതി. കണ്ണുകൊണ്ട് കാണേണ്ടതില്ല എന്നു പറയുന്നു."

ഈ പരാമർശത്തിൽ എവിടെയും ന്യൂമൂണിനെ (കറുത്ത വാവ്) ആധാരമാക്കുന്നതായി പറയുന്നില്ല. അടിവരയിട്ട ഭാഗങ്ങൾ ശ്രദ്ധിക്കുക. (ഒന്ന്), ഹിലാൽ കണ്ടതിന് ശേഷം (രണ്ട്), ഹിലാൽ കണ്ടു എന്ന ഒരു സാക്ഷ്യം സ്വീകരിച്ച് (മൂന്ന്), കാണാനുള്ള പ്രായം ആയാൽ മതി. ഇത് മൂന്നും ഹിലാൽ തന്നെയാണ് എന്ന് വ്യക്തം. കാണാത്ത ന്യൂമൂൺ (കറുത്തവാവ്) അല്ല എന്ന് വ്യക്തം. ഹിലാലിനെ ആസ്പദമാക്കുന്നവർക്കിടയിൽ ഇജ്തിഹാദിയായി ഉണ്ടായിട്ടുള്ള അഭിപ്രായാന്തരങ്ങൾ എടുത്തുകാണിച്ച് ന്യൂമൂൺ വാദത്തെ വെള്ളപൂശാൻ വൃഥാ ശ്രമം നടത്തുകയാണ്.

ന്യൂമൂണിനെ (കറുത്തവാവ്) ആധാരമാക്കുന്നതിന് തെളിവായി ഉന്നയിച്ചത് ഖുർആൻ 2:189ൽ *അഹില്ല* ജനങ്ങൾക്ക് ഹജ്ജിനും സമയനിർണയത്തിനുമുള്ള മാനദണ്ഡമാണ് എന്ന് പരാമർശിച്ചിരിക്കുന്നുവെന്നതാണ്. *അഹില്ല* എന്നത് *ഹിലാൽ* എന്നതിന്റെ ബഹുവചന രൂപമാണ്. ന്യൂമൂൺ എന്നതിന് അറബിയിൽ *മഹാഖ്* എന്നാണ് പറയുക. ഖുർആൻ പറഞ്ഞ *അഹില്ല* ഉപയോഗിച്ചുള്ള മാസമാറ്റത്തിന്റെ തുടക്കം എങ്ങനെയാണെന്ന് നബി തിരുമേനിയുടെ ഹദീസുകളിൽ രേഖപ്പെട്ടുകിടക്കുന്നുണ്ട്. *ഹിലാലി*നെ യാണ് ആധാരമാക്കേണ്ടതെന്നാണ് നബി(സ) പഠിപ്പിച്ചത്. നബിയുടെ ഒരു ആഹ്വാനം കാണുക:

إِذَا رَأَيْتُمْ الْهِلَالَ فَصُومُوا وَإِذَا رَأَيْتُمُوهُ فَأَفْطِرُوا فَإِنْ غُمَّ عَلَيْكُمْ فَصُومُوا ثَلَاثِينَ يَوْمًا

"നിങ്ങൾ ഹിലാൽ കണ്ടാൽ നോമ്പ് നോൽക്കുക. നിങ്ങൾ ഹിലാൽ കണ്ടാൽ നോമ്പ് അവസാനിപ്പിക്കുക. മേഘാവൃതമായാൽ മുപ്പത് ദിവസം നോമ്പെടുക്കുക." (മുസ്ലിം 2566)

**ന്യൂമൂണിനെ ആധാരമാക്കുന്നതിന് തെളിവായി ഉന്നയിച്ചത് ഖുർആൻ 2:189ൽ *അഹില്ല* ജനങ്ങൾക്ക് ഹജ്ജിനും സമയനിർണയത്തിനുമുള്ള മാനദണ്ഡമാണ് എന്ന് പരാമർശിച്ചിരിക്കുന്നുവെന്നതാണ്. *അഹില്ല* എന്നത് *ഹിലാൽ* എന്നതിന്റെ ബഹുവചന രൂപമാണ്. ഖുർആൻ പറഞ്ഞ *അഹില്ല* ഉപയോഗിച്ചുള്ള മാസമാറ്റത്തിന്റെ തുടക്കം എങ്ങനെയാണെന്ന് നബി തിരുമേനിയുടെ ഹദീസുകളിൽ രേഖപ്പെട്ടുകിടക്കുന്നുണ്ട്.**

ഈ ഹദീസിൽ നിന്ന് നബി (സ) മാനദണ്ഡമാക്കാൻ ആഹ്വാനം ചെയ്തത് ഹിലാലിനെയാണെന്ന് വ്യക്തം. ന്യൂമൂണിനെയല്ല (കറുത്ത വാവ്) എന്നും സ്പഷ്ടം. അതുതന്നെ മേഘാവൃതമായാൽ മുപ്പത് ദിവസം നോമ്പെടുക്കുക എന്ന് ആഹ്വാനം ചെയ്തിരിക്കുന്നു. ന്യൂമൂൺ (കറുത്തവാവ്) മേഘാവൃതമായാലും ഇല്ലെങ്കിലും ഒരുപോലെയാണെന്ന് ഏത് സാധാരണക്കാരനും ആലോചിച്ചാൽ മനസ്സിലാക്കാവുന്നതാണ്. ഈ ഹദീസിൽ നിന്നും ഒരു മാസത്തിന്റെ 29-ാം ദിവസം ചക്രവാളത്തിൽ പ്രത്യക്ഷമാകുന്ന ഹിലാലിനെ മാനദണ്ഡമാക്കാനാണ് നബിയുടെ ആഹ്വാനമെന്ന് സുതരാം വ്യക്തമാകുന്നു. അന്ന് ഹിലാൽ പ്രത്യക്ഷമായില്ലെങ്കിൽ ആ മാസം മുപ്പത് പൂർത്തിയാക്കാനും നിർദേശിക്കുന്നു.

മറ്റൊരു ഗംഭീര വെല്ലുവിളി ഇപ്രകാരമാണ്: "ന്യൂമൂണിനെ പരിഗണിക്കാതെ ഒരു സമവാക്യത്തിലും ന്യൂമൂണിന്റെ സമയമോ, രേഖാംശമോ അക്ഷാംശമോ പരിഗണിക്കാതെ ശബാബ്-അൽമനാർ കലണ്ടറുകളിൽ രേഖപ്പെടുത്തുന്ന തരത്തിൽ സൂര്യചന്ദ്രന്മാരുടെ അസ്തമയ വ്യത്യാസം കണക്കുകൂട്ടി പറയാൻ അവരെ ഞങ്ങൾ വെല്ലുവിളിക്കുന്നു." ന്യൂമൂൺ (കറുത്തവാവ്) കാർട്ടർ മൂൺ, ഹാഫ് മൂൺ, ഫുൾമൂൺ (പൗർണമി), ഹിലാൽ എന്നിവയെല്ലാം ചാന്ദ്രമാസത്തിന്റെ വിവിധ ഘട്ടങ്ങളാണ്. ഒരു ഫുൾമൂൺ മുതൽ അടുത്ത ഫുൾമൂൺ വരെയുള്ള സമയത്തെ ഒരാൾക്ക് വേണമെങ്കിൽ ഒരു മാസചക്രമായി കണക്കാക്കാവുന്നതാണ്. ഇവിടെയുള്ള പ്രശ്നം നബി ഒരു മാസമായി മതപരമായി നിശ്ചയിച്ചു തന്നിട്ടുള്ളത് ഒരു ന്യൂമൂൺ മുതൽ അടുത്ത ന്യൂമൂൺ വരെയുള്ള സമയമാണോ അതോ ഒരു ഫുൾമൂൺ മുതൽ അടുത്ത ഫുൾമൂൺ വരെയുള്ള സമയമാണോ അതോ ഒരു ഹിലാൽ മുതൽ അടുത്ത ഹിലാൽ വരെയുള്ള സമയമാണോ എന്നതാണ്. ന്യൂമൂൺ, ഫുൾമൂൺ, ഹിലാൽ എന്നിവ ആരുടെയെങ്കിലും കുത്തകാവ

കാശത്തിൽ പെട്ടതാണോ അല്ലയോ എന്നതല്ല. അതിനാൽ തന്നെ ഈ വെല്ലുവിളിയുടെ സ്ഥാനം എവിടെയാണെന്ന് വായനക്കാർ തീരുമാനിക്കുക.

മറ്റൊരു വാദം ഇങ്ങനെ: "നബി(സ) ന്യൂമൂൺ അടിസ്ഥാനത്തിൽ മാസം തുടങ്ങിയെന്ന് ആരും പറഞ്ഞിട്ടില്ല. കാരണം അക്കാലത്ത് ന്യൂമൂണിന്റെ കണക്ക് അറിയുമായിരുന്നില്ല." ഹിജ്റ കമ്മറ്റിയുടെ കലണ്ടറിൽ രേഖപ്പെടുത്തിവെച്ച വാക്കുകൾ ലേഖകന്റെ ഓർമയിലേക്കായി ഒന്നുകൂടി ഉദ്ധരിക്കുകയാണ്. "നബി പഠിപ്പിച്ച ഒരു മാസം എന്നത് ഒരു ന്യൂമൂൺ മുതൽ അടുത്ത ന്യൂമൂൺ വരെയുള്ള 29, 30 ദിവസങ്ങൾ വരുന്നതാണ്." (ഹിജ്റ കലണ്ടറിന്റെ എല്ലാ പേജിലും രേഖപ്പെടുത്തിയ വാചകം). ഇവിടെ അബദ്ധവശാൽ നബി(സ) ന്യൂമൂൺ അടിസ്ഥാനത്തിൽ മാസം തുടങ്ങിയിട്ടില്ലെന്ന് സമ്മതിക്കുന്നതോടൊപ്പം കലണ്ടറിൽ രേഖപ്പെടുത്തിവെച്ച വാചകം മറച്ചുപിടിക്കാൻ വ്യാജമായി ശ്രമിക്കുകയും ചെയ്യുന്ന ഇരട്ട വൈരുധ്യം പ്രകടമാണ്.


ആരാധ്യനേകൻ, അനശ്വരശാന്തി

**ഐ എസ് എം ആദർശകാമ്പയിൻ**

**മലപ്പുറം വെസ്റ്റ് ജില്ല എം ജി എം വിദ്യാർഥിനി സമ്മേളനം**

ഡിസംബർ 12 (ഞായർ)
9.30 am – 4.30 pm
വളയംകുളം
(കെ വി എം ഓഡിറ്റോറിയം)

പങ്കെടുക്കുന്നവർ

യുപി അബ്ദുർറഹ്മാൻ മൗലവി
അഡ്വ. സുജാത വർമ
ശമീമ ഇസ്ലാഹിയ്യ
ഖദീജ നർഗീസ്
കുഞ്ഞീബി ടീച്ചർ
ജാബിർ അമാനി
ഡോ. പി എ കരീം

എം ജി എം മലപ്പുറം വെസ്റ്റ്




## അറഫ എന്ന്?

ലേഖകൻ എഴുതുന്നു: "മണിക്ഫാൻ ഇതിനു മുമ്പ് അറഫ ഏതു ദിവസമായിരുന്നുവെന്ന് ചർച്ച ചെയ്തിട്ടില്ല." എന്നാൽ ലേഖകന്റെ ഓർമയിലേക്കായി മണിക്ഫാന്റെ പുസ്തകത്തിലെ പ്രസക്തമായ ഉദ്ധരണി ഒരിക്കൽ കൂടി രേഖപ്പെടുത്താം: "അപ്പോൾ നബി(സ) അറിയിച്ചു: ഇന്ന് അതേ ദിവസം തന്നെയാണ്. അതായത് അതു വെള്ളിയാഴ്ച തന്നെയാണ്. അപ്പോൾ അന്നത്തെ ദിവസം വെള്ളിയാഴ്ചയാണെന്നും ദുൽഹിജ്ജ മാസം 9-ാം തിയ്യതിയാണെന്നും ഇപ്പോൾ നബിയിൽ നിന്ന് നമുക്കറിയുകയാണ്" (*ചാന്ദ്രമാസപ്പിറവി പ്രശ്നങ്ങളും പരിഹാരങ്ങളും*, പേജ് 19). ദുൽഹിജ്ജ 9നാണ് അറഫയെന്ന കാര്യം ഏത് സാമാന്യ മുസ്ലിമിനും അറിവുള്ള കാര്യമാണല്ലോ. ആ ദുൽഹിജ്ജ 9 വെള്ളിയാഴ്ചയാണെന്ന് മണിക്ഫാൻ സാഹിബ് എഴുതിവിടുമ്പോൾ അത് താൻ ഉന്നയിക്കുന്ന ന്യൂമൂണിനെതിരാണെന്ന് അദ്ദേഹത്തിനോ കൂടെയുള്ള ഹിജ്റ കമ്മിറ്റി സുഹൃത്തുക്കൾക്കോ അറിയാതെ പോയി. ഇപ്പോൾ അന്നെഴുതിയത് ശരിയാണോ തെറ്റാണോ എന്ന് പറയാൻ സാധിക്കാത്ത അവസ്ഥ വന്നിരിക്കുന്നുവെന്ന് "ദിവസം ചർച്ച ചെയ്യുകയായിരുന്നില്ല 15 വർഷം മുമ്പ് പ്രസിദ്ധീകരിച്ച പുസ്തകത്തിൽ" എന്ന വാചകത്തിൽ നിന്നും സ്പഷ്ടമാണ്.

മാസപ്പിറവിയുടെ വിഷയം മണിക്ഫാൻ സാഹിബ് ചിന്തിക്കാൻ തുടങ്ങിയത് എപ്പോൾ മുതലാണെന്ന് തന്റെ പുസ്തകത്തിൽ അദ്ദേഹം വ്യക്തമാക്കുന്നത് ഇപ്രകാരമാണ്: "ഞാനീ വിഷയത്തിൽ ചിന്തിക്കുവാൻ തുടങ്ങിയത് 1960കളിലാണ്. 1965ൽ മിനിക്കോയ് ദ്വീപിൽ നടന്ന ഒരു അനിഷ്ടസംഭവമാണ് എന്നെ ചിന്താകുലനാക്കിയത്." (*ചന്ദ്രമാസപ്പിറവി പ്രശ്നങ്ങളും പരിഹാരങ്ങളും*, പേജ് 21). അവിടെ നിന്ന് തുടങ്ങി 30 കൊല്ലം പഠിച്ചതിന് ശേഷമാണ് 1997ൽ ഈ പുസ്തകം പ്രസിദ്ധീകരിക്കുന്നത്. ഇപ്പോൾ ഏകദേശം പതിനഞ്ച് വർഷം കൂടി കഴിഞ്ഞതിന് ശേഷം ഹിജ്റ കമ്മറ്റി സെക്രട്ടറി പറയുന്നു, 'മണിക്ഫാൻ ഇതിനു മുമ്പ് അറഫ ഏതു ദിവസമായിരുന്നുവെന്ന് ചർച്ച ചെയ്തിട്ടില്ല' എന്ന്. മണിക്ഫാന്റെ പുസ്തകത്തിലെ 19-ാം പേജിലെ പ്രസ്താവനകളും സെക്രട്ടറിയുടെ ലേഖനത്തിലെ പരാമർശങ്ങളും വായനക്കാരുടെ വിവേചന ബോധത്തിന് വിടുന്നു.

## അറഫ ദുൽഹിജ്ജ 9 വെള്ളി തന്നെ

നബിയുടെ അറഫ ദുൽഹിജ്ജ 9 വെള്ളിയാഴ്ചയാണെന്നത് അനിഷേധ്യമായ മൂന്ന് കാര്യങ്ങളുടെ വെളിച്ചത്തിൽ ഞങ്ങൾ സ്ഥാപിച്ചു കഴിഞ്ഞതാണ്. അവയിലൊന്ന് മണിക്ഫാന്റെ പുസ്തകത്തിലെ പരാമർശമായിരുന്നു. അതു സംബന്ധിയായി വസ്തുനിഷ്ഠമായി ഒന്നും പറയാനില്ലെന്ന് വ്യക്തമായി. രണ്ടാമത്തേത് ബുഖാരി രണ്ടാം ഖലീഫ ഉമറിൽ(റ) നിന്ന് ഉദ്ധരിച്ച സ്പഷ്ടമായ ഹദീസാണ്. നബി(സ) വെള്ളിയാഴ്ച അറഫയിൽ നി

ല്ക്കുന്ന സന്ദർഭത്തിലാണ് *അൽയൗമ അക്മൽതു ലകും ദീനകും* എന്ന ഖുർആൻ വാക്യം അവതീർണമായതെന്ന് ആ ഹദീസ് സുതരാം വ്യക്തമാക്കുന്നുണ്ട്. എന്നാൽ ആ ഹദീസിനെതിരിൽ ചില മുടന്തൻ ന്യായങ്ങൾ പറയുന്നുവെന്നല്ലാതെ നബിയുടെ അറഫ വ്യാഴാഴ്ചയായിരുന്നുവെന്ന് വ്യക്തമാക്കുന്ന യാതൊരു റിപ്പോർട്ടും ഉദ്ധരിക്കാൻ ഇവർക്ക് സാധിച്ചിട്ടില്ല.

ഈ ഹദീസിനെ ദുർവ്യാഖ്യാനിക്കുന്നതിനായി പറഞ്ഞ ന്യായങ്ങളിൽ പ്രസക്തമായവ പരിശോധനാ വിധേയമാക്കാം. ഈ ഹദീസിനെ പറ്റി "ഉമർ(റ) ഒരു ജൂതനോട് മറുപടി പറഞ്ഞപ്പോൾ പരാമർശിച്ച ഈ ഒരൊറ്റ ഉദ്ധരണിയാണ് അറഫ വെള്ളിയാഴ്ചയാണെന്നതിന് ഉള്ളത്" എന്നാണ് പറയുന്നത്. ഈ വിഷയത്തിൽ ഇമാം ബുഖാരി മൂന്ന് ഹദീസ് ഉദ്ധരിച്ചിട്ടുണ്ട്. ഹദീസ് നമ്പർ 45, 4606, 7268 എന്നിവയാണവ. ഇതിൽ 45ലും 7268ലും ഉമർ ബിൻ ഖത്വാബ് പറഞ്ഞതായി ബുഖാരി ഉദ്ധരിക്കുന്നു:

فَقَالَ عُمَرُ إِنِّي لَأَعْلَمُ أَيَّ يَوْمٍ نَزَلَتْ هَذِهِ الْآيَةُ نَزَلَتْ يَوْمَ عَرَفَةَ فِي يَوْمِ جُمُعَةٍ

"ഉമർ(റ) പറഞ്ഞു: ഈ ആയത്ത് (*അൽയൗമ അക്മൽതു ലകും*) ഏത് ദിവസമാണിറങ്ങിയതെന്ന് ഏറ്റവും നന്നായി അറിയുന്നവൻ ഞാനാണ്. അതിറങ്ങിയത് വെള്ളിയാഴ്ച അറഫാ ദിവസത്തിലാണ്.''

ഇബ്നുഅബ്ബാസ് പറഞ്ഞതായി തിർമിദി ഉദ്ധരിച്ച മറ്റൊരു നിവേദനം കാണുക:

عَنْ عَمَّارِ بْنِ أَبِي عَمَّارٍ قَالَ قَرَأَ ابْنُ عَبَّاسٍ (الْيَوْمَ أَكْمَلْتُ لَكُمْ دِينَكُمْ وَأَتْمَمْتُ عَلَيْكُمْ نِعْمَتِي وَرَضِيتُ لَكُمُ الْإِسْلَامَ دِينًا) وَعِنْدَهُ يَهُودِيٌّ فَقَالَ لَوْ أُنْزِلَتْ هَذِهِ عَلَيْنَا لَاتَّخَذْنَا يَوْمَهَا عِيدًا قَالَ ابْنُ عَبَّاسٍ فَإِنَّهَا نَزَلَتْ فِي يَوْمِ عِيدٍ فِي يَوْمِ جُمْعَةٍ وَيَوْمِ عَرَفَةَ

**ഖലീഫ ഉമറിന്റെ(റ) പേര് തന്നെ സത്യത്തിന്റെയും നീതിയുടെയും പര്യായമായിട്ടാണ് ലോകം മുഴുവൻ അറിയപ്പെടുന്നത്. ഒരിക്കൽ നബി(സ) പറഞ്ഞു: ഉമർ നടക്കുന്ന വഴിയിൽ ശൈത്വാൻ പ്രവേശിക്കുക പോലും ഇല്ല. മഹാനായ, നബി(സ)യുടെ വലം കൈയായി പ്രവർത്തിച്ച ഉമർ ഫാറൂഖിൽ ജൂതായിസം കലർന്നു എന്ന് പറയാൻ പോലും ഇവർ കാണിച്ച ധാർഷ്ട്യം കുറച്ചു കടന്ന കൈയായിപ്പോയി.**

"അമ്മാറുബ്നു അബീഅമ്മാറിൽ നിന്ന് നിവേദനം: ഇബ്നു അബ്ബാസ് *അൽയൗമ അക്മൽതു ലകും* എന്ന ഖുർആൻ വാക്യം പാരായണം ചെയ്തു. അദ്ദേഹത്തിന്റെ അരികിൽ ഒരു യഹൂദി ഉണ്ടായിരുന്നു. അയാൾ പറഞ്ഞു: ഈ വാക്യം ഞങ്ങൾക്കാണ് അവതരിച്ചിരുന്നതെങ്കിൽ ആ ദിവസത്തെ ഞങ്ങൾ ആഘോഷദിനമാക്കുമായിരുന്നു. ഇബ്നുഅബ്ബാസ് പറഞ്ഞു: അത് ഞങ്ങൾക്കവതരിച്ചത് ഒരു ആഘോഷദിവസം തന്നെയാണ്. അത് വെള്ളിയാഴ്ചയും അറഫാ ദിനവുമായിരുന്നു." (തിർമിദി 3044) ഈ നിവേദനങ്ങളിൽ നന്നെല്ലാം പ്രസ്തുത അറഫാ ദിനം വെള്ളിയാഴ്ചയാണെന്ന് വ്യക്തമാണ്. എന്നാൽ ഇതിനെതിരിൽ അറഫാദിനം വ്യാഴാഴ്ചയായിരുന്നുവെന്ന് വ്യക്തമാക്കുന്ന ഒരു റിപ്പോർട്ടെങ്കിലുമുണ്ടെങ്കിൽ അതുദ്ധരിക്കുകയായിരുന്നു വേണ്ടിയിരുന്നത്.

ഞങ്ങൾ ഉദ്ധരിച്ച ഹദീസിനെ ഖണ്ഡിക്കാൻ വേണ്ടി എഴുതിവിട്ട മറ്റൊരു പരമാബദ്ധം നോക്കൂ: "ചോദ്യം ചോദിച്ചത് ഒരു ജൂതനാണല്ലോ. ഉമറിന്റെ(റ) മറുപടി മറ്റുള്ളവരോട് പറയുമ്പോൾ, ജൂതവിശ്വാസവും അതിൽ കലർന്നിട്ടുണ്ടാകും." ആരെപ്പറ്റിയാണ് ഇത്തരമൊരു ഗുരുതര ആരോപണം ഉന്നയിക്കുന്നതെന്ന് ഖണ്ഡന വിഭ്രാന്തിയിൽ വിസ്മരിച്ചുപോയിരിക്കുന്നു. ഖലീഫ ഉമറിന്റെ(റ) പേര് തന്നെ സത്യത്തിന്റെയും നീതിയുടെയും പര്യായമായിട്ടാണ് ലോകം മുഴുവൻ അറിയപ്പെടുന്നത്. ഒരിക്കൽ നബി(സ) പറഞ്ഞു: "ഉമർ നടക്കുന്ന വഴിയിൽ ശൈത്വാൻ പ്രവേശിക്കുക പോലും ഇല്ല." മഹാനായ, നബി(സ)യുടെ വലം കൈയായി പ്രവർത്തിച്ച ഉമർ ഫാറൂഖിൽ ജൂതായിസം കലർന്നു എന്ന് പറയാൻ പോലും ഇവർ കാണിച്ച ധാർഷ്ട്യം കുറച്ചു കടന്ന കൈയായിപ്പോയി.

## സുഫ്‌യാനിന്റെ സംശയം?

ഉമർ(റ) നിവേദനം ചെയ്ത ഹദീസിനെ ഖണ്ഡിക്കാൻ പറഞ്ഞ മറ്റൊരു ന്യായം: ബുഖാരിയിലെ 4606–ാം നമ്പർ നിവേദനത്തിൽ അതിന്റെ ഒരു റിപ്പോർട്ടർ ആയ സുഫ്‌യാൻ പറഞ്ഞു: "മേൽ ആയത്ത് ഇറങ്ങിയത് വെള്ളിയാഴ്ച ആണോ അല്ലേ എന്നെനിക്ക് സംശയമുണ്ട്." ഇവിടെ സുഫ്‌യാൻ സംശയം പ്രകടിപ്പിച്ചത് ഹദീസിന്റെ ഭാഗമല്ല. അത് തന്റെ വ്യക്തിപരമായ സംശയമാണ്. അതുകൊണ്ടാണ് ബുഖാരിയുടെ വ്യാഖ്യാനഗ്രന്ഥമായ *ഫത്ഹുൽബാരി*യിൽ ഇങ്ങനെ വിശദീകരണം നല്കിയത്.

قَدْ تَقَدَّمَ فِي الْإِيمَانِ مِنْ وَجْه آخَر عَنْ قَيْس بْن مُسْلِم الْجَزْم بِأَنَّ ذَلِكَ كَانَ يَوْم الْجُمُعَة ، وَسَيَأْتِي الْجَزْم بِذَلِكَ مِنْ رِوَايَة مِسْعَر عَنْ قَيْس فِي كِتَاب الِاعْتِصَام

"ഈമാൻ എന്ന അധ്യായത്തിൽ ഖൈസുബ്നു മുസ്‌ലിം ഉദ്ധരിച്ച ഹദീസിൽ (അറഫയും ആയത്തിറങ്ങിയതും) വെള്ളിയാഴ്ചയാണെന്ന് ഖണ്ഡിതമായി പറഞ്ഞിട്ടുണ്ട്. കൂടാതെ ശേഷം വരുന്ന *കിതാബുൽ ഇഅ്തിസാമിൽ* മിസ്അർ ഖൈസിൽ നിന്ന് ഉദ്ധരിക്കുന്ന ഹദീസിലും അത് (വെള്ളിയാഴ്ച ആയിരുന്നു എന്ന്) തറപ്പിച്ചു പറഞ്ഞിട്ടുണ്ട്." (*ഫത്ഹുൽബാരി* 8:270)

നാം ശ്രദ്ധിക്കേണ്ടുന്ന മറ്റൊരു

കാര്യം, മേൽപറഞ്ഞ സുഫ്‌യാൻ സ്വഹാബിയല്ല. നബിയുടെ ഹജ്ജത്തുൽ വിദാഇൽ പങ്കെടുത്തിട്ടില്ല. ഇദ്ദേഹത്തിന്റെ മുഴുവൻ പേര് സുഫ്‌യാനുബ്നു സഈദിബ്നി മർസൂഖിസ്സൗരി എന്നാണ്. കൂഫക്കാരനായ ഇദ്ദേഹം ഹിജ്റ 97ൽ ജനിക്കുകയും 161ൽ മരണപ്പെടുകയും ചെയ്ത താബിഉത്താബിഉകളിൽ പെട്ടയാളാണ്. സത്യത്തിന്റെയും നീതിയുടെയും പര്യായമായി എല്ലാവരും വിശേഷിപ്പിക്കുന്ന, നബി(സ)യുടെ വലംകൈയായി നിലകൊണ്ട ഉമറുബ്നുൽ ഖത്വാബ്(റ) അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്തു പറയുന്നു; നബി(സ)യുടെ അറഫ വെള്ളിയാഴ്ചയായിരുന്നുവെന്ന്. കൂടാതെ അബ്ദുല്ലാഹിബ്നി ഉമറും അബ്ദില്ലാഹിബ്നു അബ്ബാസും(റ) പറയുന്നു; നബി(സ)യുടെ അറഫ വെള്ളിയാഴ്ച ആയിരുന്നുവെന്ന്.

അറഫയിൽ നബി(സ)യോടൊപ്പം പങ്കെടുത്ത പ്രഗത്ഭ സ്വഹാബികൾ അറഫാ ദിവസവും ആയത്തിറങ്ങിയതും വെള്ളിയാഴ്ച ആയിരുന്നു എന്ന് ഉറപ്പിച്ചു പറഞ്ഞാൽ നബി(സ)യോട് കൂടി അറഫയിൽ പങ്കെടുക്കാത്ത സ്വഹാബിപോലുമല്ലാത്ത, ഹിജ്റ 97ൽ ജനിച്ച ഒരാൾ ആയത്തിറങ്ങിയതിൽ സംശയം പറഞ്ഞാൽ തീർച്ചയായും അത് തള്ളിക്കളയേണ്ടതാണെന്നതിന് യാതൊരു സംശയത്തിന്റെയും ആവശ്യമില്ല. അതുകൊണ്ടാണ് *ഫത്ഹുൽബാരി*യിൽ സുഫ്‌യാന്റെ സംശയത്തെ തള്ളിക്കളഞ്ഞത്. അതോടൊപ്പം അദ്ദേഹം സ്വഹാബിമാരിൽ നിന്ന് മുതവാതിർ ആയ നിലക്ക് സ്ഥിരപ്പെട്ട തത്വത്തിന് എതിരുപറയുകയില്ല.

അതുകൊണ്ട് അദ്ദേഹത്തെപ്പറ്റി അങ്ങനെ വിചാരിക്കാൻ പോലും പാടില്ലെന്ന് ഇബ്നുകസീർ ചൂണ്ടിക്കാണിക്കുന്നുമുണ്ട്. നബി(സ)യോട് കൂടി അറഫയിൽ പങ്കെടുത്തവർ വെള്ളിയാഴ്ചയാണെന്ന് തറപ്പിച്ചുപറഞ്ഞതിനെപ്പറ്റി താബിഉത്താബിഉകളിൽ പെട്ട ഒരാൾ അങ്ങനെ സംശയം പ്രകടിപ്പിച്ചാൽ ഹദീസ് നിദാനശാസ്ത്രം അനുസരിച്ച് അത് പൂർണമായും തള്ളിക്കളയേണ്ടതാണ്. ഇബ്നുകസീറിന്റെ വിശകലനം എല്ലാ സംശയങ്ങളും ദൂരീകരിക്കുന്നതാണ്. അതിപ്രകാരമാണ്:

وشك سفيان، رحمه الله، إن كان في الرواية فهو تَوَرُّعٌ، حيث شك هل أخبره شيخه بذلك أم لا؟ وإن كان شكا في كون الوقوف في حجة الوداع كان يوم جمعة، فهذا ما أخاله يصدر عن الثوري، رحمه الله، فإن هذا أمر معلوم مقطوع به، لم يختلف فيه أحد من أصحاب المغازي والسير ولا من الفقهاء، وقد وردت في ذلك أحاديث متواترة لا يشك في صحتها

"സുഫ്‌യാന്റെ സംശയം ഹദീസ് റിപ്പോർട്ട് ചെയ്ത വിഷയത്തിലാണെങ്കിൽ അത് അദ്ദേഹത്തിന്റെ സൂക്ഷ്മതയാണ്. അദ്ദേഹം സംശയിച്ചത് തന്റെ ഗുരുനാഥൻ അങ്ങനെ പറഞ്ഞോ ഇല്ലേ എന്നാണ്. ഇനി അദ്ദേഹത്തിന്റെ സംശയം നബി(സ) ഹജ്ജത്തുൽ വിദാഇൽ അറഫയിൽ നിന്നത് വെള്ളിയാഴ്ച ആണ് എന്നതിൽ ആണെങ്കിൽ അങ്ങനെ ഒരു സംശയം സുഫ്‌യാനുസ്സൗരിയിൽ നിന്ന് ഉണ്ടായി എന്ന് വിചാരിക്കുന്നതു പോലും പാടില്ലാത്താണ്. കാരണം ഹജ്ജത്തുൽ വിദാഇലെ അറഫ വെള്ളിയാഴ്ച ആയിരുന്നു എന്നത് പ്രസിദ്ധമായതും ഖണ്ഡിതമായ തെളിവുകൊണ്ട് സ്ഥിരപ്പെട്ടതുമാണ്. ഇസ്‌ലാമിക ചരിത്രകാരന്മാരിൽ നിന്നും കർമശാസ്ത്ര പണ്ഡിതന്മാരിൽ നിന്ന് ആരും ഈ വിഷയത്തിൽ അഭിപ്രായവ്യത്യാസം പറഞ്ഞിട്ടില്ല. തീർച്ചയായും ഈ വിഷയത്തിൽ ഒരു സംശയത്തിനും ഇടമില്ലാത്ത വിധം മുതവാതിർ ആയ ഹദീസുകൾ വന്നിട്ടുണ്ട്. (ഇബ്നുകസീർ 3:27) സുഫ്‌യാനിന്റെ സംശയം എന്ന വൈക്കോൽ തുരുമ്പിന്റെ ബലം എത്രമാത്രമാണെന്ന് ഇപ്പോൾ വ്യക്തമായിട്ടുണ്ടാകുമെന്ന് കരുതുന്നു.

**ഉമർ(റ), ഇബ്നുഅബ്ബാസ്(റ), ഇബ്നുഉമർ(റ) എന്നീ സ്വഹാബിമാർക്ക് ആർക്കും സംശയമില്ല, നബി അറഫയിൽ നിന്ന ദിവസം ദുൽഹിജ്ജ 9 വെള്ളിയാഴ്ചയായിരുന്നുവെന്നതിൽ. എന്നാൽ 'കണ്ട അവർ അവിടെ നിൽക്കട്ടെ, കേട്ട ഞങ്ങൾ പറയുന്നു' അത് വ്യാഴാഴ്ചയാണ് എന്നാണ് ഇവരുടെ നിലപാട്.**

## ഇബ്നു അബ്ബാസ് പറഞ്ഞത്

മറ്റൊരു വാദം, യൗമുന്നഹ്ർ (ദുൽഹിജ്ജ 10) യൗമുൽ ജുമുഅ, ഹജ്ജുൽ അക്ബർ എന്നിവ വെള്ളിയാഴ്ചയായിരുന്നുവെന്ന് ഇബ്നുഅബ്ബാസ് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നാണ്. എന്നാൽ തിർമിദി 3044-ാം നമ്പറായി ഉദ്ധരിച്ച ഏറ്റവും സ്ഥിരപ്പെട്ട റിപ്പോർട്ടിൽ ഇബ്നുഅബ്ബാസ്(റ) എന്താണ് പറഞ്ഞിട്ടുള്ളതെന്ന് മേൽ ഉദ്ധരിച്ചിട്ടുള്ളതിൽ നിന്ന് വ്യക്തമാണ്. അദ്ദേഹം പറഞ്ഞു: "അത് ഞങ്ങൾക്കവതരിച്ചത് ഒരു ആഘോഷ ദിവസം തന്നെയാണ്. അത് വെള്ളിയാഴ്ചയും അറഫാ ദിനവുമായിരുന്നു." (തിർമിദി 3044) ഈ റിപ്പോർട്ട് സ്ഥിരപ്പെട്ടതാണെന്ന് ശൈഖ് നാസ്വിറുദ്ദീൻ അൽബാനിയും വ്യക്തമാക്കിയിട്ടുണ്ട്. അതിനാൽ ഇബ്നുഅബ്ബാസിന്റെ പേരിൽ ഇത്തരമൊരു വാദത്തിന് നിലനില്പില്ലെന്ന കാര്യം സ്പഷ്ടമാണ്. ഇതോടൊപ്പം മറ്റൊരു പ്രഗത്ഭ സ്വഹാബിയായ ഇബ്നു ഉമറിന്റെ പ്രസ്താവനയെപ്പറ്റി ഇബ്നുൽഖയ്യിം രേഖപ്പെടുത്തിയത് കാണുക:

وَقَدْ نَصّ بْنُ عُمَرَ عَلَى أَنّ يَوْمَ عَرَفَةَ ، كَانَ يَوْمَ الْجُمُعَةِ وَهُوَ التّاسِعُ

"ഇബ്നുഉമർ(റ) വ്യക്തമായി പറഞ്ഞിട്ടുണ്ട്, തീർച്ചയായും (നബിയുടെ) അറഫ ദുൽഹിജ്ജ 9 വെള്ളിയാഴ്ചയായിരുന്നു." (*സാദുൽ മആദ്* 2:102)

ഉമർ(റ), ഇബ്നുഅബ്ബാസ്(റ), ഇബ്നുഉമർ(റ) എന്നീ സ്വഹാബിമാർക്ക് ആർക്കും സംശയമില്ല, നബി അറഫയിൽ നിന്ന ദിവസം ദുൽഹിജ്ജ 9 *വെള്ളിയാഴ്ച*യായിരു

ന്നുവെന്നതിൽ. എന്നാൽ 'കണ്ട അവർ അവിടെ നിൽക്കട്ടെ, കേട്ട ഞങ്ങൾ പറയുന്നു' അത് വ്യാഴാഴ്ചയാണെന്ന് എന്ന ഇവരുടെ നിലപാടിനെ എന്ത് പേരിട്ട് വിളിക്കണമെന്ന് വായനക്കാർ തീരുമാനിക്കുക. ഇതുവഴി ന്യൂമൂൺ വാദത്തിന്റെ കോട്ട തകർന്നുവീഴുന്നത് കാണുമ്പോൾ പ്രകോപിതരാവുകയല്ലാതെ മറ്റൊരു മാർഗവും ഇവരുടെ മുമ്പിലില്ലെന്ന് നെറ്റിലും മറ്റു വാറോലകളിലും എഴുതിയത് വായിക്കുന്ന ഏതൊരാൾക്കും ബോധ്യം വരും. ആ പരാമർശങ്ങൾക്ക് അതേ നാണയത്തിൽ മറുപടി പറയാൻ ഉദ്ദേശിക്കുന്നില്ല.

### ലൈലത്തുൽ ജുമുഅ

മറ്റൊരു വാദം, "ഉമർ(റ) പറഞ്ഞതായി നസാഈ റിപ്പോർട്ട് ചെയ്ത ഹദീസിൽ ലൈലത്തുൽ ജുമുഅ എന്നാണുള്ളത്. ബൈഹഖിയിലും ഇആനത്തുൽ കുബ്റയിലും ലൈലത്തുൽ ജുമുഅ എന്നാണുള്ളത്." എന്നിട്ടദ്ദേഹം പറയുന്നു: "യഥാർഥത്തിൽ സംഭവിച്ചത് വ്യാഴാഴ്ച അറഫയിൽ നിന്നും നബി(സ) മടങ്ങിപ്പോയ വഴിയിൽ വെള്ളിയാഴ്ച രാവിൽ ആണ് ആയത്ത് അവതരിച്ചത്. പിറ്റേ ദിവസം വെള്ളിയാഴ്ച മിനയിൽ വെച്ചു നടത്തിയ ചരിത്രപ്രസിദ്ധമായ പ്രസംഗത്തിൽ ജനങ്ങളെ ഓതിക്കേൾപിക്കുകയും ചെയ്തു."

ഇവിടെ വ്യാഴാഴ്ച അറഫയിൽ നിന്ന് നബി(സ) മടങ്ങിപ്പോയ വഴിയിൽ വെള്ളിയാഴ്ച രാവിൽ ആയത്ത് അവതരിച്ചുവെന്ന ഇദ്ദേഹത്തിന്റെ വാദം, രാത്രി മുതൽ ദിവസം തുടങ്ങുന്നു എന്നത് ജൂതായിസമാണെന്ന അദ്ദേഹത്തിന്റെ തന്നെ വാദത്തെ തകർത്തുകളയുന്നു. എന്നാൽ ഇമാം നവവി ലൈലതുൽ ജുമുഅ എന്നത് സംബന്ധിയായി പറഞ്ഞത് ഈ വിഷയത്തിൽ വന്ന റിപ്പോർട്ടുകളെയെല്ലാം സംയോജിപ്പിക്കുന്നതാണ്. നവവി രേഖപ്പെടുത്തുന്നു:

وَيَكُون الْمُرَاد بِقَوْلِهِ : (لَيْلَة جُمُعَة) يَوْم جُمُعَة ، وَمُرَاد عُمَر رَضِيَ اللَّه عَنْهُ إِنَّا قَدْ اِتَّخَذْنَا ذَلِكَ الْيَوْم عِيدًا مِنْ وَجْهَيْنِ ؛ فَإِنَّهُ يَوْم عَرَفَة ، وَيَوْم جُمُعَة ، وَكُلّ وَاحِد مِنْهُمَا عِيد لِأَهْلِ الْإِسْلَام.

"ലൈലത്തുൽ ജുമുഅ എന്ന വാക്കിന്റെ ഉദ്ദേശം വെള്ളിയാഴ്ച ദിവസം എന്നാണ്. ഞങ്ങൾ ആ ദിവസത്തെ ആഘോഷദിവസമാക്കി എന്ന ഉമറിന്റെ(റ) പ്രസ്താവനയുടെ താല്പര്യം രണ്ട് കാര്യങ്ങളാണ്. അത് അറഫാദിനവും വെള്ളിയാഴ്ച ദിവസവുമാണ്. ആ രണ്ടു ദിനങ്ങളും ഇസ്‌ലാമിക ലോകത്തിന് ആഘോഷമാണ്." (*ശർഹു മുസ്‌ലിം* 9:349)

*സുനനുൽ കുബ്റ*യിൽ ഇമാം ബൈഹഖി 9750-ാം നമ്പറായി ഉദ്ധരിച്ച റിപ്പോർട്ടിൽ **بعرفات يوم جمعة** എന്നാണ്. വെള്ളിയാഴ്ച ദിവസം അറഫയിലാണ് ആയത്ത് അവതരിച്ചത് എന്ന് താല്പര്യം. തുടർന്ന് ശുക്കൂർ സാഹിബ് നബിയുടെ പ്രസിദ്ധമായ അറഫാപ്രസംഗം മിനയിലേക്ക് മാറ്റി, നബി ഹജ്ജത്തുൽ വിദാഇൽ മൂന്ന് പ്രസംഗങ്ങൾ നടത്തിയിട്ടുണ്ട്. അതിൽ ഏറ്റവും പ്രസിദ്ധമായതും തങ്കലിപികളാൽ രേഖപ്പെടുത്തേണ്ടതുമായ പ്രസംഗം വെള്ളിയാഴ്ച അറഫയിൽ വെച്ച് നടത്തിയത് തന്നെയാണ്. പിന്നെ അതിന്നടുത്തത് ശനിയാഴ്ച യൗമുന്നഹ്റിൽ മിനായിൽ വെച്ച് നടത്തിയ പ്രസംഗവും. മൂന്നാമത്തേത് ദുൽഹിജ്ജ 11ന് അയ്യാമുത്തശ്‌രീഖിൽ നടത്തിയതും. ഇതെല്ലാം ചരിത്രത്തിൽ രേഖപ്പെട്ടു കിടക്കുന്ന വസ്തുതകളാണ്. നബി(സ)യോട് കൂടി അറഫയിൽ പങ്കെടുത്ത, ഉമർ ബിൻ ഖത്വാബ്, ഇബ്നുഅബ്ബാസ്, ഇബ്നു ഉമർ, അലി(റ) മുതലായവർ പറയുന്നു; വെള്ളിയാഴ്ച അറഫയിൽ വെച്ച് വൈകുന്നേരമാണ് ആയത്തിറങ്ങിയത് എന്ന്.

ഇമാം അഹ്മദുബ്നു ഹൻബൽ രേഖപ്പെടുത്തിയ ഒരു നിവേദനം കാണുക:

فَقَالَ عُمَرُ رَضِيَ اللَّهُ عَنْهُ وَاللَّهِ إِنِّي لَأَعْلَمُ الْيَوْمَ الَّذِي نَزَلَتْ فِيهِ عَلَى رَسُولِ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ وَالسَّاعَةَ الَّتِي نَزَلَتْ فِيهَا عَلَى رَسُولِ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ عَشِيَّةَ عَرَفَةَ فِي يَوْمِ الْجُمُعَةِ

ഉമറുബ്നിൽ ഖത്വാബ്(റ) പറയുന്നു: അല്ലാഹുവാണ് സത്യം! (**اليوم أكملت لكم**) എന്ന ആയത്ത് ഏതു ദിവസമാണ്, ഏതു സമയത്താണ് ഇറങ്ങിയതെന്ന് ഏറ്റവും നന്നായി അറിയുന്ന ഒരാളാണ് ഞാൻ. അത് അറഫ ദിവസം വെള്ളിയാഴ്ച വൈകുന്നേരമാണിറങ്ങിയത്." (അഹ്മദ് 188)

ഉമ്മുൽഫദ്ൽ അറഫാദിവസം നബി(സ) നോമ്പനുഷ്ഠിച്ചിട്ടുണ്ടോ എന്നറിയാൻ പാൽ കൊടുത്തയച്ച സംഭവം ബുഖാരി 1658-ാം നമ്പറായി ഉദ്ധരിച്ചതിനെ ഉപജീവിച്ചുകൊണ്ടാണ് മറ്റൊരു ദുർവ്യാഖ്യാനം. അത് നബി(സ) വ്യാഴാഴ്ച നോമ്പ് അനുഷ്ഠിച്ചിട്ടുണ്ടോ എന്ന് നോക്കാനായിരുന്നു. അതിനാൽ പ്രസ്തുത ദിനം വ്യാഴാഴ്ച ആയിരുന്നു. ഇതാണ് ദുർവ്യാഖ്യാനം. എന്നാൽ അറഫയിൽ നിൽക്കുന്നവർ നോമ്പനുഷ്ഠിക്കേണ്ടതുണ്ടോ എന്നത് അറിയാനാണ് പാൽ കൊടുത്തയച്ചതെന്ന കാര്യം സൂര്യപ്രകാശം പോലെ വ്യക്തമാണ്. മുസ്‌ലിം ഈ വിഷയത്തിലുള്ള ഹദീസ് ഉദ്ധരിച്ചിട്ടുള്ളത്


**ആരാധ്യനേകൻ, അനശ്വരശാന്തി**

**ഐ എസ് എം ആദർശകാമ്പയിൻ**

**മലപ്പുറം ഈസ്റ്റ് ജില്ല ഖത്വീബ് കൗൺസിൽ**

**ഡിസംബർ 19 (ഞായർ)**
**9.30 am – 4.30 pm**
**മഞ്ചേരി**

- Mass Communication
  Reference Methodology
  Effective Interaction
  Da'wa and IT
  Ideal personality
  തുടങ്ങിയ വിഷയങ്ങളിൽ പഠനവും പരിശീലനവും
- മണ്ഡലം കെ എൻ എം, ഐ എസ് എം സമിതികൾ മുഖേന രജിസ്റ്റർ ചെയ്യുക.
- വിശദ വിവരങ്ങൾക്ക് 9496842489, 9446151209

**باب إستحباب الفطر للحاج يوم عرفة**

'അറഫാദിവസം ഹാജി നോമ്പ് ഉപേക്ഷിക്കൽ പുണ്യമാണ്' എന്ന അധ്യായത്തിലാണ്. അതോടൊപ്പം ബുഖാരി ഉദ്ധരിച്ച മറ്റൊരു നിവേദനം ഇപ്രകാരമാണ്:

أَنَّهَا أَرْسَلَتْ إِلَى النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ بِقَدَحِ لَبَنٍ وَهُوَ وَاقِفٌ عَشِيَّةَ عَرَفَةَ

"നബി(സ) അറഫാദിനം വൈകുന്നേരം അറഫയിൽ നിൽക്കുമ്പോൾ അവർ അദ്ദേഹത്തിന് ഒരു കപ്പ് പാൽ കൊടുത്തയച്ചു." (ബുഖാരി 5618) 'അശിയ്യത്ത്' എന്ന് പ്രയോഗിച്ച വാക്കുകൊണ്ട് ഇവിടെ ഉദ്ദേശിച്ചത് വൈകുന്നേരമാണെന്നും വ്യക്തമായി. നോമ്പ് ഉണ്ടോ എന്നറിയാൻ രാത്രി പാൽ കൊടുത്തയച്ചു എന്ന് ഇവർ വാദിക്കുമോ എന്നറിയില്ല.

## വ്യാഴമെന്നതിന് വല്ല തെളിവുമുണ്ടോ?

നബി(സ)യുടെ അറഫാദിനം വെള്ളിയാഴ്ചയായിരുന്നുവെന്ന ഖണ്ഡിതമായ വസ്തുതക്കെതിരെ ഉന്നയിച്ച വാദങ്ങളെല്ലാം ഇതുപോലെ അത്യധികം ബലഹീനങ്ങളാണ്. ദിവസത്തിന്റെ തുടക്കം എപ്പോൾ, ഹിജ്റ ഒന്നാം വർഷം മുഹർറം ഒന്ന് എന്നാണ്, ഹിലാൽ നോക്കാൻ ആഹ്വാനം ചെയ്യുന്നത് ബിദ്അത്താണോ തുടങ്ങിയ കാര്യങ്ങൾ ആവശ്യമെങ്കിൽ മറ്റൊരു ലേഖനത്തിൽ വിശകലനം ചെയ്യാം.

നബി(സ)യുടെ അറഫാദിനം ദുൽഹിജ്ജ 9 വെള്ളിയാഴ്ചയാണെന്ന വസ്തുത ഖണ്ഡിതമായ നിലക്ക് ഞങ്ങൾ തെളിയിച്ചുകഴിഞ്ഞിട്ടുണ്ട്. എന്നാൽ ഇതിനെതിരിൽ അത് വ്യാഴാഴ്ച (يوم الخميس) ആണെന്ന് പറയുന്ന വല്ല റിപ്പോർട്ടും ഉണ്ടെങ്കിൽ ഉദ്ധരിക്കുക. അതിന് സാധ്യമാകാത്ത കാലത്തോളം ന്യൂമൂൺ കലണ്ടർ വാദത്തിന്റെ നട്ടെല്ലൊടിഞ്ഞു തന്നെ നിൽക്കും. നബി(സ)യുടെ അറഫ തെറ്റിയെന്ന ഗുരുതരമായ അബദ്ധവാദത്തിൽ നിന്ന് പിന്മാറി വിഷയങ്ങൾ ശാന്തമായി പഠിക്കാൻ തയ്യാറാവുക. അല്ലാഹു അനുഗ്രഹിക്കട്ടെ. (ആമീൻ) ●

● വിശകലനം ●

**മൻസൂറലി ചെമ്മാട്**

# കള്ളംപറയാത്ത കൈപ്പടകൾ

**ഈയടുത്തകാലം വരെ ഹിജ്റ കമ്മിറ്റിക്കാരുടെ വാദം നബിയുടെ അറഫ വെള്ളിയാഴ്ചയാണെന്നും അത് ഹിജ്റ തിയതി ശാസ്ത്രീയമായി കണക്കാക്കാനുള്ള മാനദണ്ഡമാണെന്നും തന്നെയായിരുന്നു. ഇപ്പോൾ വാദങ്ങൾ പൊളിയുന്നിടത്ത് കളം മാറ്റി ചവിട്ടാനുള്ള നീക്കം ഏതായാലും പരിഹാസ്യമാണ്.**


തെളിവുകൾക്കനുസരിച്ച് ആദർശം രൂപപ്പെടുത്തുക എന്നതിന് പകരം വാദങ്ങൾ ആദ്യം നിശ്ചയിക്കുകയും തെളിവുകളെ അതിന്നനുസരിച്ച് വ്യാഖ്യാനിച്ചൊപ്പിക്കുകയും ചെയ്യുന്നുവെന്നതാണ് ഹിജ്റ കമ്മിറ്റി ഓഫ് ഇന്ത്യയെ പലപ്പോഴും വെട്ടിലാക്കുന്നത്. കേവലം ഒരാശയമാണ് തങ്ങൾ സമൂഹത്തിന് മുന്നിൽ വെച്ചിട്ടുള്ളതെന്നും അതിനാൽ തന്നെ വിവിധ കോണുകളിൽ നിന്നുയരുന്ന വിമർശനങ്ങളെ സഹിഷ്ണുതയോടെ വിലയിരുത്തി ഈ ആശയത്തിന്റെ പ്രാമാണിക, പ്രായോഗിക സാധ്യതകളെ പഠനവിധേയമാക്കുക എന്ന സമീപനമാണ് ഹിജ്റ കമ്മിറ്റി പ്രവർത്തകർ പുലർത്തേണ്ടത്. പക്ഷെ വിമർശിക്കുന്നവരോടൊക്കെ ഏറ്റുമുട്ടുന്ന നിലപാടാണ് പലപ്പോഴും കണ്ടു വരുന്നത്.

ഏറ്റവുമൊടുവിൽ നബി(സ)യുടെ അറഫ പ്രസംഗവുമായി ബന്ധപ്പെട്ട വിഷയത്തിലും ഈ ഉരുണ്ടു മറിയലാണ് നടക്കുന്നത്. പക്ഷെ ഇതൊരു ഗവേഷണ വിഷയമാണെന്നും ഗവേഷണ വിഷയത്തിൽ വ്യക്തമായ അറിവ് ലഭിച്ചതിന് ശേഷമേ ഒരു കാര്യം പറയാവൂ എന്നും തുറന്ന് പറയാൻ കമ്മിറ്റി തയ്യാറായി എന്നതാണ് ഈ ചർച്ചയിലെ ആശാസ്യകരമായ വസ്തുത. ഒരു ഗവേഷണത്തിന്റെ ഭാഗമായി തയ്യാറാക്കിയ ഒരു കലണ്ടർ, അതിനെ കുറിച്ച വിമർശനങ്ങളെല്ലാം അവഗണിച്ച് ദൈവികമെന്ന് വിശേഷിപ്പിക്കുന്നതിലെ അപകടവും പ്രമാണങ്ങളെ മറികടക്കുന്ന ഒരു പ്രായോഗികതയും ദൈവികമതമായ ഇസ്‌ലാമിൽ ഇല്ലെന്ന യാഥാർഥ്യവും പലപ്പോഴും ഈ സംഘടനയുടെ പ്രവർത്തകർ പരിഗണിച്ചിരുന്നില്ല.

പല വിഷയങ്ങളിലും ഹിജ്റ കമ്മിറ്റിക്ക് വാദങ്ങൾ മാറ്റിപ്പറയേണ്ടി വന്നത് ഇതൊരു ഗവേഷണ വിഷയമാണെന്ന മുൻവിധിയില്ലാത്തത് കൊണ്ടായിരുന്നു. ഇപ്പോൾ അറഫാ ദിനത്തിന്റെ കാര്യത്തിലും അപ്രകാരം തന്നെ. നബിയുടെ അറഫ ഏത് ദിവസമായിരുന്നുവെന്ന് അലി മണിക്ഫാൻ ഇതുവരെ ചർച്ച ചെയ്തിട്ടില്ല എന്നാണ് കമ്മിറ്റിയുടെ ജന. സെക്രട്ടറി വെളിപ്പെടുത്തുന്നത്. പതിനഞ്ച് വർഷം മുമ്പ് എഴുതിയ പുസ്തകത്തിൽ ദിവസം ചർച്ച ചെയ്യുകയായിരുന്നില്ല എന്നും അദ്ദേഹം പറയുന്നു. ഈ വിഷയത്തിൽ സാക്ഷാൽ അലി മണിക്ഫാൻ തന്നെ നടത്തിയ പ്രസ്താവന ഒരു പടി കൂടി കടന്നാണ്. പതിനഞ്ച് വർഷം മുമ്പ് എഴുതിയ പുസ്തകത്തിൽ അച്ചടിപ്പിശക് സംഭവിച്ചതാണെന്നും തന്റെ സുഹൃത്തുക്കൾ ധൃതിയിൽ പുസ്തകം പ്രസിദ്ധീകരിച്ചതിനാൽ സംഭവിച്ചു പോയ അബദ്ധമാണെന്നും അദ്ദേഹം പറയുന്നു. മാത്രമല്ല, പുസ്തകത്തിൽ വേറെയും കുറെ അച്ചടിപ്പിശകുകളുണ്ടെന്ന് മണിക്ഫാൻ കുറ്റസമ്മതം നടത്തുന്നുണ്ട്.

എന്താണിതിലെ വസ്തുത? ഈ വിഷയത്തിൽ പതിനഞ്ച് വർഷം മുമ്പ് മണിക്ഫാൻ സ്വന്തം കൈകൊണ്ട് എഴുതിയ വരികൾ ഇപ്രകാരമാണ്: "...ആയതിനാൽ ജാഹിലിയ്യാ കാലത്തിലെ അശാസ്ത്രീയമായ കലണ്ടർ ഇസ്‌ലാം അംഗീകരിച്ചില്ല. അതിനാൽ അന്തിമപ്രവാചകരായ റസൂൽ കരീം(സ) അതിനെ തിരുത്തുകയും ശാസ്ത്രീയമാക്കാനുള്ള നിർദേശങ്ങൾ കൊടുക്കുകയും ചെയ്തു. ദിവസങ്ങൾ ചുറ്റിക്കറങ്ങിക്കൊണ്ട് ഇന്നിതാ എല്ലാം ശരിയായിരിക്കുകയാണ് എന്ന് ഹജ്ജത്തുൽ വിദാഇൽ റസൂൽ കരീം(സ) അറിയിച്ചു. അതായത് ദുൽഹജ്ജ് 9 വെള്ളിയാഴ്ച എന്നത് ശരിയണെന്നാണ് നമ്മെ അറിയിച്ചത്. അതിൽ നിന്ന് ഇനി നമുക്ക് പിറകോട്ടോ മുമ്പോട്ടോ ഏത് തിയതിയും ഗണിച്ചെടുക്കാം." (മണിക്ഫാന്റെ കൈപ്പടയിലുള്ള ഈ വരികൾ ചിത്രം -1ൽ കാണുക)


പുസ്തകത്തിൽ സംഭവിച്ചത് കേവലം അച്ചടിപ്പിശകാണെന്നും



ചിത്രം -1

നബിയുടെ അറഫ ഏത് ദിവസമായിരുന്നെന്ന് മണിക്ഫാൻ മുമ്പൊരിക്കലും ചർച്ച ചെയ്തിട്ടില്ല എന്നുമുള്ള വിശദീകരണങ്ങളെ എങ്ങനെ കാണണമെന്ന് വായനക്കാർ തീരുമാനിക്കുക. ജിബ്‌രീലിന്റെ മുന്നറിയിപ്പ് മുസ്‌ലിം പണ്ഡിതലോകം അവഗണിച്ചപ്പോൾ ഖുർആനിക വചനങ്ങളുടെ സാക്ഷിയായി, ലോകജനതയെ ആകമാനം രക്ഷപ്പെടുത്തുമാറ് ഗോളശാസ്ത്രപഠനമെന്ന ഫർദ് കിഫ നിർവഹിച്ചുകൊണ്ടിരിക്കുന്ന ലോകത്തിലെ ഏക വ്യക്തി (പ്രയോഗം ഹിജ്റ കമ്മിറ്റി ജന. സെക്രട്ടറിയുടെ ലേഖനത്തിൽ നിന്ന്) ഇത്രയും സൂക്ഷ്മതക്കുറവ് കാണിക്കുമെന്ന് എങ്ങനെ കരുതും. ഈയടുത്തകാലം വരെ ഹിജ്റ കമ്മിറ്റിക്കാരുടെ വാദം നബിയുടെ അറഫ വെള്ളിയാഴ്ചയാണെന്നും അത് ഹിജ്റ തിയതി ശാസ്ത്രീയമായി കണക്കാക്കാനുള്ള മാനദണ്ഡമാണെന്നും തന്നെയായിരുന്നു. ഇപ്പോൾ വാദങ്ങൾ പൊളിയുന്നിടത്ത് കളം മാറ്റി ചവിട്ടാനുള്ള നീക്കം ഏതായാലും പരിഹാസ്യമാണ്.


ന്യൂമൂണിന്റെ സമയം പ്രാദേശിക സമയത്തിലേക്ക് മാറ്റുന്നത് മഹാപാപമായിരുന്നു ഹിജ്റ കമ്മിറ്റിക്ക്. അത്തരത്തിലുള്ള പഠനങ്ങളിൽ മറുപടിയില്ലാതെ കുഴങ്ങുമ്പോഴൊക്കെ പ്രാദേശിക സമയത്തിലേക്ക് ന്യൂമൂണിന്റെ സമയം മറ്റിപ്പറയുന്നതിനെ വല്ലാതെ പരിഹസിക്കുകയായിരുന്നു അവർ. *ചന്ദ്രമാസപ്പിറവിയും മുജാഹിദ് വാരികകളും* എന്ന കൃതിയിൽ ഹിജ്റ കമ്മിറ്റിക്കാരൻ ഈ വിഷയസംബന്ധമായി ഇപ്രകാരം എഴുതുന്നു: " ഒരു കുട്ടി ജനിച്ചാൽ ഒരു ജനന തിയതിയും സമയവും സ്ഥലവും മാത്രമേ ഉണ്ടാവുകയുള്ളൂ. ഓരോ നാട്ടുകാരും ജനനസമയത്തുള്ള തങ്ങളുടെ നാട്ടിലെ തിയതിയും സമയവും കണക്കാക്കിയാൽ കുഴങ്ങിയത് തന്നെ.... ന്യൂമൂണിന്റെ സമയം പ്രാദേശികസമയത്തിൽ പറയുന്നത് അശാസ്ത്രീയവും അപ്രായോഗികവുമാണ്" (പേജ് 67,68). എന്നാൽ നബി(സ)യുടെ അറഫാദിന



ചിത്രം -2

വുമായി ബന്ധപ്പെട്ട ചർച്ചയിൽ പിടിച്ചുനിൽക്കാനുള്ള വ്യഗ്രതയിൽ ഈ അശാസ്ത്രീയതയും വിഡ്ഢിത്തവും സ്വയം ഏറ്റെടുക്കാൻ ഹിജ്റ കമ്മിറ്റിക്കാർ തയ്യാറായി. ദുൽഖഅദ് മാസത്തിന്റെ ന്യൂമൂൺ 632 ജനുവരി 27 തിങ്കാഴ്ച ആഗോളസമയം 6.28. അതായത് മദീനയിൽ രാവിലെ 9.28നാണു സംഭവിക്കുന്നത്...... 14.07. 622 ബുധനാഴ്ച ആഗോള സമയം 5.36ന് (മക്കയിൽ രാവിലെ 8.36ന്) ന്യൂമൂൺ ഉണ്ടായി. (ഹിജ്റ കമ്മിറ്റി ജനറൽ സെക്രട്ടറിയുടെ ലേഖനം). സ്വന്തം കാര്യത്തിൽ എന്തുമാവാമെന്നാണോ ഈ വരിയിൽ നിന്നും മനസ്സിലാക്കേണ്ടത്?

പ്രഭാതം മുതൽ ദിവസം തുടങ്ങുന്നു എന്ന മാനദണ്ഡം മഗ്രിബിലേക്ക് മാറ്റിയത് ജൂത-ക്രിസ്ത്യൻ ലോബിയാണെന്ന് ലേഖകൻ സമർഥിക്കുന്നു. എന്നാൽ പതിനഞ്ച് വർഷം മുമ്പ് ഹിജ്റ കമ്മിറ്റിയുടെ പേരിൽ ചെയർമാൻ അലി മണിക്ഫാൻ തയ്യാറാക്കിയ ഒരു ലേഖനത്തിൽ അദ്ദേഹത്തിന്റെ അക്കാലത്തെ വാദം ഇപ്രകാരം വായിക്കാം: “കേരളം മക്കയെക്കാൾ രണ്ടര മണിക്കൂർ മുന്നിലാണ്. ഇതേ മാതിരി മക്കക്ക് പടിഞ്ഞാറുള്ള ആഫ്രിക്കൻ നാടുകളിൽ സമയം മക്കയെക്കാൾ പിന്നിലാണ്. എന്നാൽ രാവും



ചിത്രം -3

പകലുമല്ലാതെ ദിവസം മാറുന്നില്ല. (ചാന്ദ്രമാസ തിയതി തുടങ്ങുന്നത് സൂര്യാസ്തമനത്തോട് കൂടിയാണ്.)” (കൈപ്പടയിലുള്ള ലേഖനം ചിത്രം-2ൽ കാണുക.) ദിവസമാറ്റത്തിന്റെ മാനദണ്ഡത്തെ കുറിച്ച ഈ വാദത്തിൽ നിന്നും പിന്നീട് മണിക്ഫാൻ മാറിയത് മറ്റൊരു വിചിത്രവാദത്തിലേക്കാണ്. അതും അദ്ദേഹത്തിന്റെ സ്വന്തം കൈപ്പടയിൽ നമുക്കിപ്രകാരം വായിക്കാം: “ സാധാരണ തിയതി ആരംഭിക്കുന്നത് ദിവസത്തോട് കൂടിയാണ്. ഉദാഹരണമായി വെള്ളിയാഴ്ച എപ്പോൾ ആരംഭിക്കുന്നുവോ അപ്പോൾ അത് കുറിക്കുന്ന തിയതിയും ആരംഭിക്കും. ഇത് ഓരോ സ്ഥലത്തിന്റെ നിശ്ചിത സമയത്തോടു ആരംഭിക്കുന്നു. ഇംഗ്ലീഷ് തിയതി (ക്രിസ്ത്യൻ തിയതി) ഇംഗ്ലണ്ടിൽ രാത്രി പന്ത്രണ്ട് മണിക്ക് തുടങ്ങുമ്പോൾ അതേ സമയത്ത് മക്കയിൽ അതായത് 3 മണിക്ക് മാറ്റുന്നു. അപ്പോൾ ഇസ്‌ലാമിക തിയതിയും ലോകം അംഗീകരിച്ച ഇംഗ്ലീഷ് തിയതിക്കും തമ്മിൽ വ്യത്യാസമില്ല. (മണിക്ഫാന്റെ കൈപ്പടയിലുള്ള വരികൾ ചിത്രം-3ൽ കാണുക).

ഏതായാലും ന്യൂമൂണിന്റെ സമയത്തെ പ്രാദേശിക സമയത്തിലേക്ക് കണക്കുകൂട്ടി നോക്കുന്നത് ഇപ്പോൾ അനുവദനീയമായ സാഹചര്യത്തിൽ ഇതുവരെ മറുപടി ലഭിക്കാത്ത ഒരു ചോദ്യം ഒരിക്കൽ കൂടി ആവർത്തിക്കുന്നു. ആഗോള സമയം ഒരു ഞായറാഴ്ച 23.50ന് ന്യൂമൂൺ സംഭവിക്കുന്നുവെന്ന് കരുതുക. സ്വാഭാവികമായും ഹിജ്റ കമ്മിറ്റിയുടെ വാദമനുസരിച്ച് തിങ്കാഴ്ച ലോകമെമ്പാടും ഒന്നാം തിയതിയാവും. എന്നാൽ ഞായറാഴ്ച ഒരു സൂര്യഗ്രഹണം കൂടി സംഭവിക്കുന്നുവെന്ന് വെക്കുക. ന്യൂമൂണും സൂര്യഗ്രഹണവും ഒന്നു തന്നെയാണല്ലോ. ഞായറാഴ്ച 23.50 എന്നത് വെല്ലിങ്ടണിൽ പ്രാദേശിക സമയം തിങ്കളാഴ്ച ഉച്ചക്ക് 11.50നാണ്. അതായത് ഒന്നാം തിയതിയിലേക്ക് പ്രവേശിച്ച് എത്രയോ മണിക്കൂറുകൾ കഴിഞ്ഞാണ് അതേ ഒന്നാം തിയതിയുടെ ആരംഭമാനദണ്ഡമായ ന്യൂമൂൺ അവർക്കനുഭവപ്പെടുന്നത്. ഇപ്രകാരം മാസങ്ങളെ പിന്നോട്ട് മാറ്റാൻ എന്ത് തെളിവാണ് മതത്തിലുള്ളത്. മറിച്ച് അവിശ്വാസത്തിന്റെ വർധനവെന്ന് വിശുദ്ധ ഖുർആൻ വിശേഷിപ്പിച്ച നസീഇന്റെ പരിധിയിൽ ഇതുൾപ്പെടുകയല്ലേ ചെയ്യുക.

ചുരുക്കത്തിൽ ഒരു ഗവേഷണ വിഷയത്തിൽ വ്യക്തമായ അറിവ് ലഭിച്ചതിനു ശേഷമേ അത് പറയാവൂ എന്ന ഹിജ്റ കമ്മിറ്റി ജന. സെക്രട്ടറിയുടെ പ്രസ്താവന തന്നെയാണ് ഈ ആശയക്കുഴപ്പങ്ങൾക്കും അബദ്ധങ്ങൾക്കുമുള്ള പരിഹാരം എന്ന് തിരിച്ചറിയുക. ●

**പ്രഭാതം മുതൽ ദിവസം തുടങ്ങുന്നു എന്ന മാനദണ്ഡം മഗ്‌രിബിലേക്ക് മാറ്റിയത് ജൂത-ക്രിസ്ത്യൻ ലോബിയാണെന്ന് ലേഖകൻ സമർഥിക്കുന്നു. എന്നാൽ പതിനഞ്ച് വർഷം മുമ്പ് ഹിജ്റ കമ്മിറ്റിയുടെ പേരിൽ ചെയർമാൻ അലി മണിക്ഫാൻ തയ്യാറാക്കിയ ഒരു ലേഖനത്തിൽ അദ്ദേഹത്തിനു ഈ വാദം തന്നെയാണെന്ന് സമർഥിക്കുന്നുണ്ട്.**